# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**




# വിടരുന്ന മൊട്ടുകൾ

**ചൂളൂർ യു. പി. എസ്സ്, പുതുപ്പള്ളി**

ഗോവിന്ദമുട്ടം. പി. ഒ, കായംകുളം

സ്ഥാപിതം: 1964

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യം
3. സ്കൂൾ ചരിത്രം
4. മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
5. നിലവിലെ അവസ്ഥാ വിശകലനം
6. പ്രശ്നങ്ങൾ വെല്ലുവിളികൾ
7. പദ്ധതി രൂപീകരണ പ്രക്രിയ
8. പദ്ധതി വിശദാംശങ്ങൾ
9. പ്രതീക്ഷിത നേട്ടങ്ങൾ
10. ഉപസംഹാരം
11. അവലോകനം.

## ആമുഖം

എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ മാറ്റിയെടുക്കുന്നതിനും പൊതുസമൂഹത്തിന് മതിപ്പ് ഉളവാക്കുന്നതിനും ഉതകുന്ന ഒരു രേഖ എന്ന തലത്തിലേക്ക് ചിന്തിച്ചാണ് സ്കൂൾ അക്കാദമികരേഖ തയ്യാറാക്കാൻ തുടങ്ങിയത്. പഠന വിഷയങ്ങളിൽ ആശയദൃഢത, വിഷയങ്ങളിൽ ധാരണ, കഴിവ്, സാമൂഹിക രംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം ഇവയെല്ലാം ഓരോ കുട്ടിയും നേടണം എന്ന ലക്ഷ്യമാണ് ഈ അക്കാദമിക രേഖയിൽ അടങ്ങിയിരിക്കുന്നത്. ഇതിന്റെ വിവിധ ഘട്ടങ്ങളിൽ വിവിധ തലങ്ങളിൽപ്പെട്ട നല്ലവരായ ആൾക്കാരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചിരിക്കുന്നു. സമ്പ്രദായക്കാര വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും ചൂലൂർ യു.പി.എസ് സ്കൂളിലെ കുട്ടികളും നേടണം എന്ന ലക്ഷത്തോടെയാണ് ഈ അക്കാദമികരേഖ തയ്യാറാക്കിയിരിക്കുന്നത്.

## ലക്ഷ്യം

1. മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കുക.
2. കാർഷിക സംസ്ക്കാരമുള്ള പുതിയ തലമുറയെ വളർത്തുക.
3. പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള അക്കാദമിക പിന്തുണ ഒരുക്കുക.
4. വിദ്യാഭ്യാസത്തിൽ ജനകീയവൽക്കരണം അർത്ഥ പൂർണ്ണമാക്കുക.
5. ലഹരി വിമുക്ത-പ്ലാസ്റ്റിക് വിമുക്ത കീടനാശിനി വിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.
6. ആധുനിക സൗകര്യമുള്ള വയനാമുറി ഉറപ്പാക്കുക.
7. കലാ-കായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കുക.
8. ക്ലാസ് മുറികൾ സ്മാർട്ടാക്കുക.
9. സ്കൂൾ മികവിന്റെ കേന്ദ്രമാക്കി മാറ്റുക
10. കൗൺസലിംഗ് സൗകര്യം ഏർപ്പെടുത്തുക
11. പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള അക്കാദമിക പിൻതുണ ഒരുക്കുക.
12. ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ജൈവവൈവിധ്യത്തിന്റെ പ്രാധാന്യവും പാരിസ്ഥിതിക മുൻഗണനയും മനസിലാക്കാൻ വേണ്ടി ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുക.
13. പരിസ്ഥിതി സംരക്ഷണ പരിസ്ഥിതി പഠന, പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കുക.

## സ്കൂൾ ചരിത്രം

സ്വാതന്ത്ര്യസമര സേനാനിയും ഗാന്ധി ഭക്തനുമായ ശ്രീ.ചൂളൂർ.ബി.ഭാസ്ക്കരൻ നായരുടെ നേതൃത്വത്തിൽ 1964 ൽ ആണ് ചൂളൂർ യു.പി.സ്കൂൾ ആരംഭിച്ചത്. ഈ സരസ്വതി മന്ദിരം സ്ഥാപിച്ച ബി.ഭാസ്ക്കരൻ നായരുടെ കുടുംബപേരാണ് ചൂളൂർ. ആദ്യം ഓല ഷെഡിലാണ് സ്കൂൾ ആരംഭിച്ചത്. പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം ചൂളൂർ.പി.വേലുപിള്ള 1964 ൽ നടത്തുകയും 1970 - ൽ അന്നത്തെ മുഖ്യമന്ത്രിയായ ആർ.ശങ്കർ സ്കൂൾ ഉദ്ഘാടനം ചെയ്തു. അഞ്ചാംക്ലാസിലേക്ക് 101 കുട്ടികൾക്കാണ് പ്രവേശനം നൽകിയത്. ശ്രീ.ആർ. സേതുകുമാരൻ നായർ ആയിരുന്നു അന്നത്തെ ഹെഡ്മാസ്റ്റർ. പുതുപ്പള്ളിയിലെ വളരെ പുരാതനമായ ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് ഇത്. 2005 ൽ കുട്ടികളിൽ എണ്ണത്തിൽ കുറവ് വന്ന ഈ സ്കൂൾ നിലവിലുള്ള മാനേജ്മെന്റിൽ നിന്നും ബിസിനസ്സ്കാരനും സാമൂഹ്യ പ്രവർത്തകനുമായ ശ്രീ.ജ്യോതികുമാർ വാങ്ങുകയും, കുട്ടികൾക്ക് സൗജന്യമായി വാഹന സൗകര്യവും, യൂണിഫോം, നോട്ടുബുക്കുകൾ നൽകിയും കംപ്യൂട്ടർ പഠനം തുടങ്ങിയും കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്തു. എങ്കിലും കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് 700 ൽ പരം കുട്ടികൾ പഠിച്ച് ഈ സ്കൂൾ 50 ൽ താഴെ കുട്ടികളുമായി നിലനിൽക്കുന്നു.

സമൂഹത്തിൽ പല ഉന്നതങ്ങളിലും സേവനമനുഷ്ടിക്കുന്ന ധാരാളം മഹത് വ്യക്തികൾ ഈ സ്കൂളിന്റെ സംഭാവനയാണ്. സമൂഹത്തിൽ പല ഉന്നതങ്ങളിലും സേവനമനുഷ്ഠിക്കുന്ന ധാരാളം മഹത്വ്യക്തികൾ ഈ സ്കൂളിന്റെ സംഭാവനയാണ്. അലഹബാദിൽ സയന്റിസ്റ്റായി സേവനമനുഷ്ഠിക്കുന്ന ഡോ.ഹരികൃഷ്ണൻ, ജില്ലാ പഞ്ചായത്ത് മെമ്പർ കുമാരി അരിതാബാബു, പി.എസ്.സി ജില്ലാ ആഫീസറായിരുന്ന ശ്രീ.ജീവൻലാൽ സംസ്കൃത സർവ്വകലാശാലയിൽ കാമ്പസ് ഡയറക്ടറായിരിക്കുന്ന ഡോ.എ.ഷീലാകുമാരി എന്നിവർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്.

## ചൂളൂർ യു.പി.എസ്സ് - മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

വിദ്യാലയമികവെന്നാൽ അക്കാദമികമായ മികവാണ്. അതുകൊണ്ട് തന്നെ നമ്മുടെ സ്കൂളിനെ മികവുറ്റതാക്കിമാറ്റുക എന്നതാണ് വിദ്യാലയ വികസന സമിതിയുടെ പ്രധാന ലക്ഷ്യം . പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യവും ഗുണമേന്മയുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന പൊതു വിദ്യാഭ്യാസം സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം തന്നെയാണിത്. ഇത് സാധ്യമാകണമെങ്കിൽ ഒരുപാട് മാറ്റങ്ങൾ നമ്മുടെ സ്കൂളുകളിലും ഉണ്ടാകണം. ഇതിനായി അധ്യാപകശേഷി വികസിപ്പിക്കണം. സ്കൂളിന്റെ ഭൗതികാന്തരീക്ഷം നല്ലതാകണം. സമൂഹത്തിന്റെ ഇടപെടൽ വേണം പൂർവ്വ വിദ്യാർത്ഥികളേയും പൂർവ്വ അധ്യാപകരേയും സ്കൂളുമായി ബന്ധപ്പെടുത്തണം. പോരായ്മകൾ വിലയിരുത്തണം.

പരിഹാരങ്ങൾ കൃത്യമായി നിർവ്വചിക്കണം. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ പരിസ്ഥിതികാവബോധത്തോടെ ജീവിക്കണം വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്ക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ട് അഞ്ചുവർഷം കൊണ്ട് നമ്മുടെ സ്കൂളിനെ മാതൃകാ സ്കൂളാക്കി മാറ്റണം.

## പ്രശ്നങ്ങൾ - വെല്ലുവിളികൾ

• ചെറിയ ശതമാനം കുട്ടികൾക്ക് വാക്കുകൾ എഴുതുമ്പോൾ വള്ളി, പുള്ളി, ദീർഘം, കൂട്ടക്ഷരം എന്നിവ തെറ്റുന്നതും ചതുഷ്ക്രിയകൾ ചെയ്യുന്നതിലുള്ള പോരായ്മകളും വേണ്ടത്ര ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം ഇല്ലാതിരിക്കുന്നതും ഒരു കുറവു തന്നെയാണ്.

• ഭൗതിക സാഹചര്യങ്ങൾ കണക്കിലെടുത്താൽ ഗവൺമെന്റ് സ്കൂളുകൾ സൗന്ദര്യവൽക്കരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണല്ലോ. എന്നാൽ എയ്ഡഡ് സ്കൂളായ ചൂളൂർ സ്കൂളിനെ സംബന്ധിച്ചിടത്തോളം രക്ഷകർത്താക്കളെയും കുട്ടികളെയും ആകർഷിക്കത്തക്ക രീതിയിലുള്ള ബാഹ്യസൗന്ദര്യം കുറവാണ്.

• ഭൗതിക സാഹചര്യങ്ങൾ ഉയർത്താൻ എം. എൽ. എ, എം. പി. ഫണ്ട്, പൂർവ്വ വിദ്യാർത്ഥി സംഘടന, അഭ്യുദയ കാംക്ഷികൾ, പൂർവ്വ അധ്യാപകർ എന്നിവരുടെ സഹായം തേടുക, ഇടവേള സമയങ്ങൾ അധ്യാപകർക്ക് ചുമതല നൽകി എല്ലാ കുട്ടികളെയും മുൻനിരയിൽ കൊണ്ടുവരിക തുടങ്ങിയവയിലൂടെ പ്രശ്നപരിഹാരം സാധ്യമാകും.

# പദ്ധതി രൂപീകരണ പ്രക്രിയ

- എസ്. ആർ. ജി യോഗത്തിൽ ചൂളൂർ യു.പി. സ്കൂൾ വികസനം എന്ന വികസന കാഴ്ചപ്പാട് - അവതരിപ്പിക്കലും ചർച്ചയും
- വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപം തയ്യാറാക്കൽ
- കരട് രൂപരേഖ SRG, PTA, MPTA, ജന- പ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ അവതരിപ്പിക്കാൻ കൂട്ടിച്ചേർക്കൽ
- ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷിവികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ദിനാചരണം<br>• ലൈബ്രറി ശാക്തീകരണം<br>• പോഷകാഹാര പരിപാടി<br>• ലബോറട്ടറി വിപുലമാക്കൽ<br>• ഗണിത ലാബ്<br>• പ്രതിഭാപോഷണപരിപാടി<br>• ഔഷധത്തോട്ടം<br>• പച്ചക്കറി തോട്ടം<br>• മെഡിക്കൽ ക്യാമ്പ്<br>• പഠനയാത്രകൾ<br>• രചനാശില്പശാല | • ചുറ്റുമതിൽ<br>• സ്റ്റാഫ് റൂം<br>• ലൈബ്രറി<br>• ടോയ്‌ലറ്റ്<br>• ലബോറട്ടറി<br>• ജന്മദിനത്തിനൊരു പുസ്തകം<br>• ചിത്രരചന<br>• എന്റെ സ്കൂളിലും കൃഷിത്തോട്ടം<br>• ഭാഷോത്സവം<br>• ഗണിതോത്സവം | • പി.ടി.എ ശക്തിപ്പെടുത്തൽ<br>• വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ക്ലാസ് പി.ടി.എ സജീവമാക്കൽ<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• പ്രാദേശിക പി.ടി.എ<br>• ഭവന സന്ദർശനം |

- കലാകായിക മേള
- ഐ.ടി. പരിശീലനം
- അധ്യാപക ശാക്തീകരണ പരിപാടികൾ
- ക്ലാസ്സ് പി.ടി.എ സജ്ജീവമാക്കൽ
- സ്കൂൾ പത്രം/മാസിക
- എസ്.ആർ.ജി. ശാക്തീകരണം.

## പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനത്തിന്റെ പേര് - ചുറ്റുമതിൽ ഉപമേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കാൻ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ അവ നിർമ്മിക്കുക | ജൂൺ - മാർച്ച് | മാനേജർ | |

പ്രവർത്തനത്തിന്റെ പേര് - ശുചാലയം ഉപമേഖല - ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വം | സുകര്യപ്രദമായ സ്ഥലത്ത് ശുചാലയ സമുച്ചയം | ജൂൺ - മാർച്ച് | MLA | |

പ്രവർത്തനത്തിന്റെ പേര് - കോർണർ പി.ടി.എ

ഉപമേഖല - സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കൽ | ഏതെങ്കിലും പരിസരവാസിയുടെയോ പൊതുസ്ഥലങ്ങളോ പി.ടി.എ കൂടുക. പൊതുജനങ്ങളുടെ കൂട്ടായ്മയിൽ കുട്ടികൾ അവരുടെ മികവുകൾ അവതരിപ്പിക്കുന്നു | വർഷത്തിൽ ഒന്ന് (ഫെബ്രുവരി) | പി.ടി.എ അഭ്യുദയകാംക്ഷികൾ | പി.ടി.എ മോണിട്ടറിംഗ്, BRC |

## പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാലയം ആകർഷകമാക്കാനും അതിലൂടെ കുട്ടികൾ കൂടാനും കാരണമാകുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു

## ഉപസംഹാരം

നാട്യങ്ങളേതുമില്ലാതെ പൈതൃകവും മാതൃകയും ഒത്തിണങ്ങിയ നമ്മുടെ വിദ്യാലയത്തിനെ കാത്തുസൂക്ഷിക്കുകയും സമ്പുഷ്ടമാക്കുകയും ചെയ്യുക എന്നത് നമ്മുടെ കടമയാണ്. മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ-അധ്യാപകർ, യുവജന സംഘടനകൾ എന്നിവ-രുടെ സഹായത്തോടെ സ്കൂളിന് പുതുജീവൻ നൽകി, നമ്മുടെ സ്കൂളും നല്ല നിലവാരത്തിലേക്ക് ഉയരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

## അവലോകനം

വൈവിധ്യമാർന്നതും തനിമയുള്ളതുമായ അന്വേഷണങ്ങളിലൂടെയും ഇടപെടലുകളി-ലൂടെയും സമയബന്ധിതവും ഫലപ്രദവുമായ രീതിയിൽ നടപ്പിലാക്കാൻ കഴിയുമെന്ന ഉറപ്പോടുകൂടിയാണ് ഈ അക്കാദമിക പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. അചഞ്ചലമായ ഇച്ഛാശക്തിയോടെ ഈ ദൗത്യത്തിൽ നമുക്കും പങ്കാളികളാകാം

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## മലയാളം

### പ്രധാന ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും എഴുത്തും വായനയും നേടുക.
- ചിഹ്നങ്ങൾ ഉറപ്പുവരുത്തുക.
- മുഴുവൻ കുട്ടികൾക്കും സർഗാത്മക രചനകൾക്കും അവതരണത്തിനുമുള്ള അവസരം നല്കുക.
- കവികളെയും കൃതികളെയും പരിചയപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.
- സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 1, ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പഠനത്തിന് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>• കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപിക | |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ ജൂലൈ | | |
| | **വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് | | | |

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| • വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, ചിത്രരചന എന്നിവ തയ്യാറാക്കൽ | ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാൻ കൊടുത്തുവിടുന്നു. അവർ വായിച്ച പുസ്തകത്തെ അടിസ്ഥാനമാക്കി വായനക്കുറിപ്പ്, ചിത്രരചന തുടങ്ങിയവ തയ്യാറാക്കുന്നു. | മാസത്തിൽ രണ്ട് ആഴ്ചകളിൽ | ടീച്ചർ ഇൻചാർജ്. | |
| • സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂലമനോഭാവം വളർത്തൽ | സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണം സംഘടിപ്പിക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| • കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നല്കുന്നു. ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, അദ്ധ്യാപകർ. | |
| | • മുഴുവൻ കുട്ടികളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അദ്ധ്യാപിക | |

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| • പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം<br><br>വാർത്താശകലങ്ങൾ<br><br>• പത്രം, മാസികകൾ എന്നിവ കുട്ടികളെ കൊണ്ട് വായിപ്പിക്കുകയും ഇതിലൂടെ പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>• അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാ ദിവസവും<br><br>വർഷത്തിൽ ഒന്നോ രണ്ടോ വട്ടം. | [illegible] | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സംസ്കൃതം

### പ്രധാനലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദ-ങ്ങളും ഉറപ്പിക്കൽ.
- കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ.
- മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.
- ICT സാധ്യതകൾ ഉപയോഗിച്ച് സംസ്കൃത പഠനം ലളിതമാണെന്ന് കുട്ടികളെ മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതിക | പിന്തുണ |
|---|---|---|---|---|
| • ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | • <u>ഭാഷാജ്ഞാനം</u><br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കൽ തുടങ്ങിയവയിലൂടെ കുട്ടികളെ സംസ്കൃത ഭാഷാജ്ഞാനത്തിലേക്ക് കൊണ്ടുവരുന്നു. | ജൂൺ-ഓഗസ്റ്റ് | അക്ഷര ചാർട്ട്, പാഠപുസ്തകം ICT | PTA അധ്യാപിക |
| • വീട് ഒരു പരീക്ഷണശാല. | • കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതിക | |
|---|---|---|---|---|
| | പേര് സംസ്കൃതത്തിൽ പഠിക്കുക. വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ ഹൃദിസ്ഥമാക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ | സംസ്കൃത നിഘണ്ടു. | |
| • കുട്ടികളുടെ ആസ്വാദനങ്ങളെ വർദ്ധിപ്പിക്കാൻ വേണ്ടി. | • നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു. | 5 മാസം | സംസ്കൃത ടീച്ചർ | അദ്ധ്യാപിക. |
| • പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള പ്രവർത്തനങ്ങൾ. | പ്രത്യേക ക്ലാസുകൾ നൽകുന്നു. ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

## ചൂലൂർ യു.പി.എസ്, പുത്തൂപള്ളി

## ഇംഗ്ലീഷ്

# മേഖല : യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ക്ലാസുകളിൽ എല്ലാ കുട്ടികൾക്കും അവരുടെ പേര്, അഡ്രസ്സ് എന്നിവ എഴുതാനും വായിക്കാനുമുള്ള ശേഷി ഉണ്ടാക്കിയെടുക്കുന്നു. | 1. Name slip card<br>നെയിം സ്ലിപ് കാർഡ് ഇംഗ്ലീഷിൽ എഴുതി മാതൃക കാണിച്ചുകൊടുക്കുന്നു. കുട്ടികൾ തന്നെ കാർഡുകൾ തയ്യാറാക്കുന്നു. അത് അവരെക്കൊണ്ടുതന്നെ വായിപ്പിക്കുന്നു. | June - July | ഇംഗ്ലീഷ് അധ്യാപിക |
| 2. ഇംഗ്ലീഷ് അനായാസം ശ്രവിക്കാനും മനസ്സിലാക്കാനും ഉള്ള കഴിവ് കുട്ടികളിൽ ഉണ്ടാക്കിയെടുക്കുന്നു. | 1. Lend Your Ear<br>ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ കണ്ടെത്താൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | July - November | ഇംഗ്ലീഷ് അധ്യാപിക |
| 3. ഇംഗ്ലീഷ് വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു | 1 Breaking news.<br>ദിവസവും പ്രധാന്യം record ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കാൻ അവസരം ഒരുക്കുന്നു | September - February | ഇംഗ്ലീഷ് അധ്യാപിക |
| 4. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | 1 My own Magazine.<br>കുട്ടികളെ കൊണ്ട് ചെറിയ വിവരണങ്ങൾ തയ്യാറാക്കുന്നു (പുസ്തകാടിസ്ഥാനത്തിൽ) അതിനെ അവരുടെ Magazine ൽ ചേർക്കുന്നു | June - July | ഇംഗ്ലീഷ് അധ്യാപിക |

| | | | |
|---|---|---|---|
| 5. ഭാവാത്മകവായന പരിശീലിപ്പിക്കുന്നു | 2. Follow Me If You Can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. | June-July | ഇംഗ്ലീഷ് അധ്യാപിക |
| | 1. One Man Show.<br>അവസരം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | October | ,, |
| | 2. I Too Can<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ കൊടുക്കുന്നു. തെറ്റുകൂടാതെ വായിക്കാൻ അവസരം കൊടുക്കുന്നു. | August-September | ഇംഗ്ലീഷ് അധ്യാപിക. |
| | 3. Reader of the Month.<br>ഇംഗ്ലീഷ് നിരന്തരം വായിക്കുവാൻ അവസരം നൽകി, Reader of the Month നെ ആദരിക്കുന്നു. | രണ്ട് മാസത്തിൽ ഒരുവട്ടം. | ,, |
| 6. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുക. | 1. Run Baby Run<br>ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു ചാർട്ടുകൾ എഴുതി പ്രദർശിപ്പിച്ച് വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | January | ,, |

| | | | |
|---|---|---|---|
| | 2. Fun time Funday<br>കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു | ആഴ്ചയിൽ ഒരു ഇംഗ്ലീഷ് പിരീഡിൽ | ഇംഗ്ലീഷ് അധ്യാപിക. |
| 7. ശരിയായി ഇംഗ്ലീഷ് കേൾക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു. | 1. Treasure Hunt<br>വ്യത്യസ്തമായ വസ്തുക്കൾ വ്യത്യസ്ത സ്ഥലങ്ങളിൽ വെച്ച് കുട്ടികൾ അത് കണ്ടെത്തുന്നു. കണ്ടെത്തിയവയെ പറ്റി കുട്ടികൾ ഇംഗ്ലീഷിൽ വിവരിക്കുന്നു | August | ,, |
| 8 തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | 1. My Droplets<br>കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | February-March | ,, |
| | 2. Alert Zone<br>സൂചനാബോർഡുകൾ, പോസ്റ്ററുകൾ നോട്ടീസുകൾ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപിക. |

हिंदी

अकादमिक

मास्टर प्लान

एलूर ए.पी. एस

फलुपल्ली

# भूमिका :-

केरल राज्य शिक्षा के क्षेत्र में काफी आगे है। इस कार्य में अध्यापकों की भागीदारी बहुत बड़ी है। हिंदी भारत की राष्ट्रभाषा है। हिंदी भाषा भारत की आत्मा है। केरल के विद्यालयों में भी हिन्दी भाषा को उतना ही महत्व देकर पढाते हैं। उसकी श्रेष्ठता बनाए रखने का काम हम अध्यापकों पर निर्भर है। हर विद्यालय का अपना अपना स्तर होता है। हमारे विद्यालय में जो साधन उपलब्ध है उसकी सहायता से हम बच्चों को पूरी शिक्षा का माहौल प्रदान करने की कोशिश में हैं। विद्यालय का माहौल और पाठ्य प्रक्रिया को मजेदार करके ही

हम इस शैक्षिक प्रक्रिया को सफल बना सकेंगे। छात्रों की भागीदारी उसमें होनी चाहिए। कक्षा कार्य के साथ छात्रों की कला- अभिरुचि को बढ़ावा देना भी जरूरी है। शिक्षा संबन्धी कार्यों को सुस्थिर बनाने के लिए हमें विद्यालय के पुस्तकालय उचित उपयोग भी करना है

## विद्यालय की खूबी

1. पढ़ने का अच्छा माहौल
2. पुस्तकालय
3. कम्प्यूटर लाब
4. यात्रा सुविधा
5. स्मार्ट क्लास रूम
6. श्रेष्ठ अध्यापक गण

| महीना | गतिविधियाँ |
|---|---|
| 1. जून 5<br>पर्यावरण दिवस | 1. पेड़ पौधों का वितरण, पोस्टर, प्रतिभा |
| 2. जून 19<br>वाचन दिवस | 2. वाचन कार्ड का वाचन, पोस्टर, उद्घोषणा |
| 3. जून 26<br>लोक नशा-निषेध दिवस | 3. पोस्टर, प्रतिभा, नारे भाषण |
| 4. जुलाई 31<br>मुंशी प्रेमचन्द जयंती | 4. पोस्टर, पेंसिल ड्रॉइंग |
| 5. अगस्त 15<br>स्वतन्त्रता दिवस | 5. पोस्टर, देश भक्ति गीत, संकेत पट |
| 6. सितंबर 5<br>अध्यापक दिवस | 6. भाषण, पोस्टर, टिप्पणी लेखन, प्रश्नोत्तरी |
| 7. सितंबर 14<br>हिन्दी दिवस | 7. पोस्टर, कविता रचना, नाटक, कवितालापन |
| 8. अक्तूबर 2<br>गांधी जयंती | 8. पोस्टर, भाषण, पेंसिल ड्रॉइंग |

9. नवंबर 1
केरल का जन्मदिन

9. पोस्टर, केरल से संबंधित गीत सुनाना,

10. नवंबर 14
बाल दिवस

10. नेहरू टोपी निर्माण पोस्टर

11. दिसंबर 25
क्रिस्थमस

11. क्रिस्थमस कार्ड निर्माण

12. जनवरी 26
गणतंत्र दिवस

12. पोस्टर, भाषण
क्वाइज़

# उपसंहार

उपर्युक्त गतिविधियों के आधार पर विद्यालय में स्तरानुकूल कार्यक्रम चलाएँगे। हरेक छात्र की भागीदारी का ध्यान रखेंगे। हिंदी भाषा का पोषण करने केलिए विद्यालय में विनावरण के अवसर का पूरा फायदा उठाएँगे। साथ ही पाठ्य प्रक्रिया का भी उचित प्रयोग करेंगे। इन प्रयोगों का एक ही लक्ष्य है - हिंदी भाषा का अर्जन।

# अकादमिक मास्टर प्लान

छात्रों को स्कूल वातावरण की ओर लाना है। अपनी पसंद के अनुसार पढ़ाई प्रक्रियाओं में भाग लेने का अवसर देना। भिन्न भिन्न विषयों का कलव कबीकरण। पिछडे छात्रों को आगे लाने की प्रक्रिया देना। गतिविधियों को सरल बनाकर देना।

विशेष दिनों का आचरण करना। शारीरिक और मानसिक रूप में विकल्प बच्चे जो स्कूल में न आते उसको छोटी छोटी वीडियो द्वारा क्लास देना।


हिन्दी भाषा की विकास केलिए लेखन, वाचन आदि को अधिक अवसर देना। डिजिटल माध्यमों का उपयोग करना सरल, रसीली और आकर्षक किताबें वाचन करने का अवसर देना।

# അക്കാദമിക മാസ്റ്റർ പ്ലാൻ


# 2025 - 2026



## അടിസ്ഥാന ശാസ്ത്രം.

















# അടിസ്ഥാന ശാസ്ത്രം.

## ആമുഖം

കാഴ്ച, കേൾവി, രുചി, സ്പർശം, ഗന്ധം എന്നിവയിലൂടെയാണ് ചുറ്റുപാടുകൾ നമുക്ക് അനുഭവവേദ്യമാകുന്നത്. ഈ അറിവുകളുടെ അടിസ്ഥാനത്തിൽ ശരിയായി നടത്തുന്ന വിശകലനം പുതിയ അറിവിന്റെ നിർമ്മിതിയിലേക്ക് നമ്മെ നയിക്കും. നിർമ്മിക്കപ്പെടുന്ന ഓരോ അറിവും അടുത്ത അന്വേഷണത്തിലേക്കുള്ള വാതിലുകളാണ്. കൃത്യമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും സമഗ്രമായ വിശകലനം നടത്തുകയും ചെയ്യുന്നതിലൂടെ കാര്യകാരണ സഹിതം ഫലപ്രാപ്തിയിലെത്തുന്നു. ഇതാണ് ശാസ്ത്രപഠന രീതി. ഈ രീതി സ്വായത്തമാക്കിയ സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അബദ്ധധാരണകളും നിലനിൽക്കില്ല. ആ സമൂഹം ചൂഷണത്തിനും തട്ടിപ്പുകൾക്കും വിധേയമാവുകയില്ല. അതിനാൽ ശാസ്ത്രം ശക്തമായ ഒരു രക്ഷാകവചം കൂടിയാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രയോഗിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്രത്തിന്റെ രീതി. അതുകൊണ്ട് തന്നെ ഊർജ്ജത്തെക്കുറിച്ചും പദാർത്ഥങ്ങളെക്കുറിച്ചും ജീവികളെക്കുറിച്ചും ഒക്കെയുള്ള വിവരശേഖരണം മാത്രമായി ശാസ്ത്രപഠനം ഒതുങ്ങരുത്. അതിനപ്പുറം ശാസ്ത്രത്തിന് വിശാലമായ ലക്ഷ്യങ്ങൾ ഉണ്ട്.

## ശാസ്ത്രപഠന ലക്ഷ്യങ്ങൾ

* കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക.
* ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
* മെച്ചപ്പെടലിന് വേണ്ടി പരിശ്രമിക്കുക.
* ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.

* പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
* അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഇല്ലാതാക്കുക.
* ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക.
* പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക.
* പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക.
* പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
* സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മക്ക് വിനിയോഗിക്കുക.
* വ്യക്തി ശുചിത്വം, ആരോഗ്യം എന്നിവ പാലിച്ചുകൊണ്ട് ശാരീരിക - മാനസിക - സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.
* ശാസ്ത്ര നേട്ടങ്ങൾ സമൂഹനന്മക്കായി പ്രയോജനപ്പെടുത്തുക.
* ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.

| മേഖല | പരിഗണിക്കേണ്ട സവിശേഷതകൾ |
|---|---|
| 1) സർഗാത്മക മേഖല | * പരികല്പനങ്ങൾ രൂപവത്കരിക്കാൻ<br>* മനോചിത്രങ്ങൾ രൂപവത്കരിക്കാൻ<br>* വസ്തുക്കളേയും ആശയങ്ങളേയും പുതിയ രീതിയിൽ ബന്ധിപ്പിക്കാൻ<br>* വേറിട്ട ചിന്തകൾ. |
| 2) മനോഭാവ മേഖല | * സ്വന്തം കഴിവിലുള്ള വിശ്വാസം<br>* മാനുഷിക വികാരങ്ങളെ മനസിലാക്കാനും വിലമതിക്കാനും ഉള്ള കഴിവ്<br>* മറ്റുള്ളവരുടെ നിലപാടുകളോടും ചിന്തകളോടും കൂടുതൽ സംവേദനക്ഷമത ഉണ്ടായിരിക്കാൻ.<br>* സ്വന്തം വികാരവിചാരങ്ങൾ സൃഷ്ടിപരമായി പ്രകടിപ്പിക്കാൻ. |

| | |
|---|---|
| 3) പ്രയോഗമേഖല | * ശാസ്ത്ര ആശയങ്ങളുടെ ഉദാഹരണങ്ങൾ ദൈനംദിന ജീവിതത്തിൽ നിരീക്ഷിക്കുക<br><br>* വീട്ടിലെ ഉപകരണങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രാശയങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കൽ.<br><br>* ആഹാരം, ആരോഗ്യം, ജീവിതശൈലി തുടങ്ങിയവയിൽ വ്യക്തിപരമായി ശാസ്ത്രീയ തീരുമാനം എടുക്കൽ. |

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

# പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

# ഓരോ കുട്ടിയും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.

# എല്ലാ കുട്ടികൾക്കും സൗഹൃദപരവും കുട്ടികളെ കേന്ദ്രീകരിച്ചുള്ളതുമായ രീതിയിൽ പഠനപ്രവർത്തനം ഒരുക്കുക.

# ദിനാചരണങ്ങൾ നടത്തുക.

# പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

# കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുക.

# ICT പ്രവർത്തനങ്ങൾ പഠനപ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കുക.

# ക്ലബ് പ്രവർത്തനങ്ങളിലും സയൻസ് ലാബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കെടുപ്പിച്ച് പഠനപ്രവർത്തനങ്ങൾ ശക്തമാക്കുക

## പ്രതീക്ഷിത നേട്ടങ്ങൾ

# ശാസ്ത്രാഭിരുചി വളർത്താൻ.

# പ്രക്രിയാശേഷികൾ സ്വാഭാവികമായി ആർജ്ജിക്കാൻ.

# ശാസ്ത്രപഠനത്തിൽ ശാസ്ത്രീയമായ രീതി പരിശീലിക്കാൻ.

# ശാസ്ത്രപഠനത്തിൽ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ച് പഠനം എളുപ്പമാക്കാൻ.

# വിവിധതരം പരീക്ഷണങ്ങൾ കാണാനും ചെയ്യാനും അവസരം ഒരുക്കാൻ.

# പഠനപ്രയാസം അനുഭവിക്കുന്ന കുട്ടികളെ അത് മറികടക്കാൻ പ്രാപ്തമാക്കുന്നു..

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>ജൈവവൈവിധ്യപാർക്ക്</u><br>ഔഷധത്തോട്ടം, ശലഭോദ്യാനം എന്നിവ നിർമ്മിക്കൽ. | ജൂൺ മുതൽ | ശാസ്ത്രാധ്യാപിക സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് |
| | <u>പച്ചത്തുരുത്ത്</u><br>പച്ചക്കറിത്തോട്ട നിർമ്മാണം. | ജൂൺ മുതൽ സെപ്റ്റംബർ വരെ | ശാസ്ത്രാധ്യാപിക PTA, കുട്ടികൾ |
| | <u>കണ്ടറിയാനൊരു യാത്ര</u><br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കണ്ടൽക്കാട് നിരീക്ഷണം. ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം. | ഒക്ടോബർ മുതൽ ജനുവരി വരെ. | ശാസ്ത്രാധ്യാപിക കുട്ടികൾ |
| | <u>പരീക്ഷണ കളരി</u><br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ നടത്തുന്നു. പരീക്ഷണ കിറ്റുകൾ ഉണ്ടാക്കുന്നു. | ജൂൺ മുതൽ | |
| ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, അനുദിന ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുന്നു. | ശാസ്ത്രത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | ജനുവരി. | ശാസ്ത്രാധ്യാപിക |

| | | | |
|---|---|---|---|
| | **ശാസ്ത്രവിസ്മയ ചുവർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുവർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | ജൂൺ മുതൽ. | ശാസ്ത്രാധ്യാപിക |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ-യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യ-ങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്ര-ങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്രാധ്യാപിക |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ചുങ്ങൂർ യു.പി സ്കൂൾ, പുതുപ്പാണി.

## സാമൂഹ്യശാസ്ത്രം

## 2025 - 2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
| --- | --- | --- | --- |
| പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു. | പ്രകൃതിതാണ്ഡവം - നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നമ്മുടെ നുറുങ്ങുവെട്ടം<br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾ അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ, രക്ഷിതാക്കൾ. |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നു. | സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ് നടത്തുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ, PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
| --- | --- | --- | --- |
| സാമൂഹിക ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | **ഓർമ്മച്ചെപ്പ്**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് memory test നടത്തുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| പഠിതാക്കളെ ചരിത്രവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷം. | രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| സാമൂഹികശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ട് എന്ന രീതിയിൽ ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

• ചുളൂർ. യു. പി. എസ്സ്. പുതുപ്പള്ളി •

## ഗണിതം

വിദ്യാലയം - ചൂരൂർ. യു.പി.എസ്സ്. പുതുപ്പള്ളി
വിഭാഗം - യു.പി
വിഷയം - ഗണിതം

## പ്രധാന ലക്ഷ്യങ്ങൾ

* ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായിട്ടുള്ള ഗണിത-വിജയം, ഉല്ലാസ ഗണിതം എന്നിവ നടപ്പിലാക്കുക.
* ഗണിതപഠനം ലളിതവും രസകരവുമാക്കുക
* വിനോദപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.
* ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു.
* ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.
* സംഖ്യാ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.
* ഗുണനപ്പട്ടിക ഉപയോഗം തിരിച്ചറിയുന്നു.
* ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

* പ്രായോഗിക പ്രശ്ന പരിഹാരത്തിന് മുൻഗണന.
* ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ സഹായകമാകുന്നു എന്ന് കുട്ടികൾ തിരിച്ചറിയുന്നു.
* ഗണിതപഠനം ലളിതമാണെന്ന് തിരിച്ചറിഞ്ഞ് അത് ആസ്വദിക്കുവാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.
* കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാക്കുന്നു.
* ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമ്മിക്കുന്നു.
* സംഖ്യാചാർട്ടുകൾ, സംഖ്യാസ്ലിപ്പുകൾ, അബാക്കസ്, സംഖ്യാകേളി, പസ്സിൽ നിർമ്മാണം, ഗണിത നിഘണ്ടു, ഇവയുടെ നിർമ്മാണം.
* കടയിൽ നിന്നും സാധനങ്ങൾ വാങ്ങി കൂട്ടാനും കുറയ്ക്കാനുമുള്ള പരിശീലനം.
* മട്ടകോണിന്റെയും മട്ടങ്ങളുടെയും ഉപയോഗം മനസ്സിലാക്കാൻ ICT ഉപയോഗം.

## മേഖല - യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ① അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | **ഗണിത ശില്പശാല**<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മുത്തുകൾ, സംഖ്യാചാർട്ട് എന്നിവ ഉപയോഗിക്കുന്നു) | ജൂൺ | ഗണിത അധ്യാപകർ | |
| ② ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബ് അംഗങ്ങളും. | |
| ③ ഗണിത പഠനം രസകരവും ആകർഷകവുമാക്കൽ | • ഗണിതക്ലബ്ബ് ശാക്തീകരണം<br>• ജ്യോമെട്രിക്കൽ പാറ്റേൺ തയ്യാറാക്കൽ<br>• ഗണിത പസിൽ<br>• ഗണിത നാടകം | ജൂൺ മുതൽ ഫെബ്രു-വരി | ഗണിത അധ്യാപകർ | |

# മേഖല - യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ④ ഭിന്നശേഷിക്കുട്ടികൾക്ക് ഗണിത പഠനം ഉറപ്പാക്കൽ | • വിവിധതരം സംഖ്യാകാർഡുകൾ, സംഖ്യാ ചാർട്ട്, മുതലായവ ഉപയോഗിച്ച് തക്കങ്ങൾ ഉറപ്പാക്കൽ | ജൂൺ to ഫെബ്രുവരി | ഗണിത അദ്ധ്യാപകർ ഗണിത ക്ലബ്ബ് ലീഡർമാർ സമർത്ഥരായ കുട്ടികൾ | |
| ⑤ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | • ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, പൈഥഗോറസ് സിദ്ധാന്തം, സമാന്തര വരകൾ തുടങ്ങിയ ആശയങ്ങൾ, I-T സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു.<br>• ജിയോജിബ്ര എന്ന software ഉപയോഗിച്ചുള്ള പഠനം | അദ്ധ്യയനവർഷം June to Feb. | ഗണിത അദ്ധ്യാപകർ | |

# മേഖല - യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ⑥ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | <u>ഗണിത ക്ലിനിക്</u><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ച്ചയിൽ ഒരു പീരിഡ്<br>ജൂൺ to നവംബർ | SRG<br>ഗണിത-അധ്യാപകർ, സമർത്ഥരായ കുട്ടികൾ | |
| ⑦ വിവിധ ശേഷികളുടെ വികസനം | <u>ദിനാചരണം</u><br>ജൂൺ മുതൽ മാർച്ച് വരെ ഗണിതവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ജൂൺ to മാർച്ച് | SRG | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8 രസകരമായ ഗണിതശാസ്ത്ര പഠനവും കര-ചലന ശേഷികളുടെ വികാസവും | പേപ്പർക്രാഫ്റ്റിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. ബഹുഭുജങ്ങളുടെ നിർമ്മാണം, ത്രികോണ സ്തംഭം, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ TLM നിർമ്മാണം, പ്രദർശനം സംഘടിപ്പിക്കൽ. | ജൂൺ to ഫെബ്രുവരി<br>പ്രദർശനം - വർഷത്തിൽ ഒരിക്കൽ (മാർച്ച്) | ഗണിത അധ്യാപകർ, കുട്ടികൾ | |